മിസ്റ്റർ ബി. വി. കെ. മേനോൻ : തീർച്ചയായിട്ടും അന്വേഷിക്കാം.

NIGHT SOIL DUMPING PLACE—PALLURUTHI

൪൩. മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്:

തഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട ദയവായി മറുപടി പറയുമോ.—

(എ) മട്ടാഞ്ചേരി മുൻസിപ്പാലിറ്റി വക പള്ളുരുത്തിയിലുള്ള "മലം ഡിപ്പോ'. (Night soil dumping place) വിന്റെ പരിസരങ്ങളിൽ താമസിക്കുന്നവർക്ക നേരിടേണ്ടി വരുന്ന കഷ്ടപ്പാടുകളേയും അസൌകര്യങ്ങളേയുംപറ്റി വല്ല ഹർജികളൊ മറ്റൊ ഗവൺമെന്റിനു കിട്ടുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെണ്ട അതിന്മേൽ എന്തു നടപടികൾ എടുത്തു?

മിസ്റ്റർ സി. ജെ. മാത്യു:

(എ) (ബി) അങ്ങിനെയുള്ള ആക്ഷേപങ്ങളൊന്നും കിട്ടുകയുണ്ടായിട്ടില്ല.

STRIKE—BURMA-SHELL COMPANY

434. Mr. V. R. Krishnan Ezhuthassan *(Oorakam):* Will Government be pleased to state.—

(*a*) did the labourers of the Burmah-Shell Company give notice of strike to the management during recent weeks;

(*b*) if so on what grounds did the labourers propose to strike work.

(*c*) did the Government take any steps to avoid strike;

(*d*) if so, what were the steps taken?

Mr. C. J. Mathew *(Secretary to Government):*

(*a*) Yes, on 21 October 1945.

(*b*) 1. (*a*) For a substantial increase in the basic wages and dearness allowance

(*b*) That arrangements may be ordered for free-noon-day feeding.

(*c*) That free gifts of cloth may be ordered for Onam which falls in September.

(*d*) That food grains may be made available to the workers at cheap rates.

(*e*) That the system of serving written charges on employees be introduced.

(*f*) That employees on the temporary roll be absorbed into the permanent list in order of seniority.

(*g*) That the partice of designedly causing a break in the service of temporaries be stopped.

(*h*) That a 3 months' bonus be at once granted.

(*i*) and that such other amenities as would relieve the workers from the effects of the present difficult situation also be granted.

2. Unconditional re-instatement of the 25 discharged Malayalee watchmen.

3. Complete cessation of contract system with regard to works other than casual work.

(*c*) Yes.

(*d*) Government referred the dispute for adjudication. The Adjudication is over and the Adjudicator's award has been enforced for a period of six months.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : ഈ ഓർഡർ അനുസരിച്ച് എല്ലാ കാര്യങ്ങളും നടപ്പാക്കീട്ടുണ്ടോയെന്ന് ഗവൺമെണ്ട അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മേത്യു : അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : പിരിച്ചയച്ച ആളുകളെ മുഴവനും എടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ മാത്യു : അവരുടെ സീനിയോറിറ്റി അനുസരിച്ച് എടുത്തു വരുന്നുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : അവരെ പിരിച്ചയച്ച സ്ഥാനത്തേക്ക് തന്നെയല്ലേ എടുക്കുന്നതു?

മിസ്റ്റർ സി. ജെ മാത്യു : അതെ. ൬൫ പേരുള്ളതിൽ ൧൭ പേരെ എടുത്തുകഴിഞ്ഞു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ബാക്കിയുള്ളവരെ എന്തുകൊണ്ടാണ് എടുക്കാത്തതു?

മിസ്റ്റർ സി. ജെ. മാത്യു : ബാക്കിയുള്ളവരെ അടുത്തുതന്നെ എടുക്കുമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly